**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2445** **12-12-2022 - ൽ മറുപടിയ്ക്ക്**

**ഏറനാട് താലൂക്കിലെ റേഷൻ വിതരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി . ഉബൈദുള്ള** | | **ശ്രീ ജി ആർ അനിൽ (ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി)** | |
| (എ) | മലപ്പുറം നിയോജകമണ്ഡല പരിധിയിൽ ഏറനാട് താലൂക്കിൽ നവംബർ മാസത്തെ റേഷൻ വിഹിതം (പുഴുക്കലരി) വിതരണം ചെയ്തിട്ടില്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയതിന്റെ കാരണം വ്യക്തമാക്കാമോ; | (എ) | ഏറനാട് താലൂക്കിൽ നവംബർ മാസത്തിൽ എ.എ.വൈ, പ്രയോറിറ്റി വിഭാഗത്തിനുള്ള റേഷൻ വിഹിതം (പുഴുക്കലരി ഉൾപ്പടെ) പൂർണ്ണമായി വിതരണം നടത്തിയിട്ടുണ്ട്. എന്നാൽ മുൻഗണനേതര വിഭാഗത്തിന് അലോട്ട് ചെയ്ത പുഴുക്കലരി FCI യിൽ നിന്ന് ലഭ്യമാകാഞ്ഞതിനാൽ പ്രസ്തുത വിഭാഗത്തിനുള്ള വിതരണം പൂർത്തിയാക്കുന്നതിന് തടസ്സം നേരിട്ടതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയത് പരിഹരിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. |
| (ബി) | എല്ലാ റേഷൻ ഉണഭോക്താക്കൾക്കും അർഹമായ വിഹിതം നിശ്ചിത ദിവസത്തിനുള്ളിൽ തന്നെ പൂർണ്ണമായും വിതരണം ചെയ്യാൻ സത്വര നടപടികൾ സ്വീകരിക്കുമോ? | (ബി) | എല്ലാ റേഷൻ ഉണഭോക്താക്കൾക്കും അർഹമായ വിഹിതം നിശ്ചിത ദിവസത്തിനുള്ളിൽ പൂർണ്ണമായും വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. എന്നാൽ ആവശ്യകതയ്ക്കുപരിയായി എഫ്.സി.ഐ.യിൽ നിന്ന് പച്ചരി ലഭ്യമായിക്കൊണ്ടിരിക്കുന്ന സാഹചര്യം ഇപ്പോൾ പല ജില്ലകളിലും നിലവിലുണ്ട്. |

സെക്ഷൻ ഓഫീസർ